**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **29-07-2021 - ൽ മറുപടിയ്ക്ക്**

**ബാങ്കുകൾ ജപ്തി നടപടി നടത്തുന്നതായ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ബാങ്കുകൾ ജപ്തി നടപടികൾ നടത്തുന്നതായ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ബാങ്കുകൾ സാധാരണ നിഷ്ക്രിയ ആസ്തി ആയിട്ടുള്ള അക്കൗണ്ടുകളിലാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റെസല്യൂഷൻ ഫ്രെയിം വർക്കും, മോറട്ടോറിയവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകിയതു മൂലം പ്രതിസന്ധി നേരിടുന്ന വായ്പകൾക്ക് നിഷ്ക്രിയ ആസ്തി ആകുന്നതിൽ നിന്നും സാവകാശം ലഭിക്കുന്ന സാഹചര്യം ആണ് നിലനിൽക്കുന്നത്. തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉപാധികൾക്ക് വിധേയമായി റിസർവ് ബാങ്കിന്റെ റെസല്യൂഷൻ ഫ്രെയിം വർക്കിൽ നിർദ്ദേശിക്കുന്നുണ്ട്. |
| (ബി) | ലോൺ എടുത്ത സാധാരണക്കാരുടെ കിടപ്പാടം ജപ്തി ചെയ്യുന്ന സർഫാസി നിയമം പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കണമെന്ന കേരള നിയമസഭയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലും സർഫാസി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ